(1) ചെയർമാനോ, ബോർഡിലെ മറേറതെങ്കിലും അംഗമോ താൻ whole time basis-ൽ നിയമിക്കപ്പെടുന്നതായാൽ ആ വ്യക്തിക്ക് I class ഉദ്യോഗസ്ഥന്മാർക്ക് അതാതു സമയത്തു അനുവദിച്ചിട്ടുള്ള വ്യവസ്ഥയിലും പരിധിയിലും, അവധിക്കും അവധിക്കാലത്തെ ശമ്പളത്തിനും അർഹതയുണ്ടായിരിക്കും.

(2) ചെയർമാനോ, ബോർഡിലെ മറേറതെങ്കിലും അംഗങ്ങൾക്കോ അവധി അനുവദിക്കാനുള്ള അധികാരം ഗവണ്മെൻറിൽ നിക്ഷിപ്തമായിരിക്കും.

7. <u>സഞ്ചാരപ്പടി</u> (Travelling allowances):—

(1) ബോർഡിനെ സംബന്ധിക്കുന്ന കാര്യങ്ങൾക്കായുള്ള യാത്രാവേളകളിൽ ചെയർമാനോ ബോർഡിലെ മറേറതെങ്കിലും അംഗങ്ങൾക്കോ, I class ഉദ്യോഗസ്ഥന്മാർക്ക് സർക്കാർ നിയമങ്ങളിൽ അനുവദിച്ചിട്ടുള്ള നിരക്കനുസരിച്ച് സഞ്ചാരപ്പടിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ചെയർമാനോ ബോർഡിലെ മറേറതെങ്കിലും അംഗങ്ങളോ ബോർഡിനെ സംബന്ധിക്കുന്ന കാര്യങ്ങൾക്കായി കേരള സംസ്ഥാനത്തിനു വെളിയിൽ ബോർഡിൻെറ മുന്നനുമതികൂടാതെ യാത്രചെയ്യാൻ പാടുള്ളതല്ല. അപ്രകാരമുള്ള യാത്ര ഇൻഡ്യയ്ക്കു വെളിയിൽ ഗവണ്മെൻറിൻെറ മുന്നനുമതികൂടാതെ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(3) തന്റെ സ്വന്തം സഞ്ചാരപ്പടി ബില്ലിനെ സംബന്ധിച്ചും ബോർഡിലെ ex-officio അംഗങ്ങൾ ഒഴിച്ച് ബാക്കി അംഗങ്ങളുടെ ബില്ലിനെ സംബന്ധിച്ചും ഉള്ള നിയന്ത്രണഉദ്യോഗസ്ഥൻ ചെയർമാനായിരിക്കും.

(4) ചെയർമാനോ ബോർഡിലെ മറേറതെങ്കിലും അംഗമോ ആദ്യം ഉദ്യോഗത്തിൽ നിയമിക്കപ്പെടുമ്പോഴും, ഉദ്യോഗം ഒഴിയുമ്പോഴും അതിനുവേണ്ടി ചെയ്യുന്ന യാത്രയ്ക്കു താൻ ഒരു ഗവണ്മെൻറ ഉദ്യോഗസ്ഥനല്ലെങ്കിൽ സഞ്ചാരപ്പടിക്ക് അർഹതയുണ്ടായിരിക്കുന്നതല്ലാത്തതും ഗവണ്മെൻറുദ്യോഗസ്ഥനാണെങ്കിൽ ഗവണ്മെൻറ ചട്ടപ്രകാരമുള്ള അലവൻസിനു അർഹതയുണ്ടായിരിക്കുന്നതുമാണ്.

8. <u>ഗവണ്മെൻറ ഉദ്യോഗസ്ഥന്മാരുടെ നിയമനം:—</u>

5 മുതൽ 7 വരെയും 9-ം നിയമങ്ങളിൽ ഉൾക്കൊള്ളുന്ന വ്യവസ്ഥകൾ ഉണ്ടെങ്കിലും ചെയർമാനോ, ബോർഡിലെ മറേറതെങ്കിലും അംഗമോ, താൻ ഒരു ഗവണ്മെൻറുദ്യോഗസ്ഥനാണെങ്കിൽ തന്റെ അലവൻസും മററ സർവീസ് വ്യവസ്ഥകളും ഓരോ സംഗതിയിലും ഗവണ്മെൻറ തീരുമാനിക്കപ്പെടുന്നതനുസരിച്ചായിരിക്കും.

9. <u>വൈദ്യസഹായങ്ങൾ:—</u>

(1) ചെയർമാനോ ബോർഡിലെ മറേറതെങ്കിലും അംഗമോ, തങ്ങളെ Full time basis-ൽ നിയമിക്കപ്പെടുന്നതായാൽ അവർ Ist Class ഉദ്യോഗസ്ഥന്മാർക്ക് അനുവദിച്ചിട്ടുള്ള വൈദ്യസഹായങ്ങൾക്ക അർഹതയുള്ളവരായിരിക്കും.

(2) തന്റെ സ്വന്തം മെഡിക്കൽ ബില്ലിന്റെയും ബോർഡിലെ മററ അംഗങ്ങളുടെ ബില്ലിനെ സംബന്ധിച്ചും ഉള്ള നിയന്ത്രണഉദ്യോഗസ്ഥൻ ചെയർമാൻ ആയിരിക്കും.

ഭാഗം 3.

സ്റ്റേററ് ഇലക്ട്രിസിററി കൺസർവേറ്ററീവ് കൗൺസിലും, ലോക്കൽ അഡ്വൈസറി കമ്മിററികളും.

10. <u>സ്റ്റേററ് ഇലക്ട്രിസിററി കൺസർവേറ്ററീവ് കൗൺസിൽ ഉദ്യോഗകാലാവധിയും, കൗൺസിലിലെ അംഗങ്ങളെ വീണ്ടും നിയമിക്കുന്നതിനുള്ള വ്യവസ്ഥകളും.</u>

ബോർഡിലെ അംഗമല്ലാത്ത കൗൺസിലിലെ ഓരോ അംഗത്തിനും തന്നെ നിയമിക്കപ്പെടുന്ന തീയതിമുതൽ സാധാരണ രണ്ടു വർഷ

ത്തേയ്ക്കോ അല്ലെങ്കിൽ നിയമനഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള കാലാവധി വരെയ്ക്കോ ഉദ്യോഗത്തിൽ തുടരാവുന്നതും വീണ്ടും നിയമിക്കപ്പെടുന്നതിനു അർഹതയുള്ളതുമായിരിക്കും.

11. കൗൺസിൽ സെക്രട്ടറി:—

(1) ബോർഡിലെ അംഗമല്ലാത്ത അതിലെ ഒരു ഉദ്യോഗസ്ഥനെ കൗൺസിലിന്റെ ex-officio സെക്രട്ടറിയായി നിയമിക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥന് തൽസംബന്ധമായ തന്റെ ജോലിക്കു കൂടുതൽ പ്രതിഫലത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) കൗൺസിൽ ചെയർമാന്റെ അനുവാദത്തോടുകൂടി കൗൺസിലിന്റെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും മീറ്റിംഗ് കൂടുന്ന ദിവസത്തിനു കുറഞ്ഞതു പതിനാലുദിവസം മുമ്പെങ്കിലും മീറ്റിംഗ് കൂടുവാൻ തീരുമാനിച്ച തീയതി, സമയം, സ്ഥലം തുടങ്ങിയവ രേഖാമൂലമായി കൗൺസിലിലെ അംഗങ്ങളെ അറിയിക്കുകയും ചെയ്യേണ്ടതു് കൗൺസിൽ സെക്രട്ടറിയുടെ ചുമതലയായിരിക്കും.

12. സ്റ്റേറ്റ് ഇലക്ട്രിസിറ്റി കൺസൾട്ടേറ്റീവ് കൗൺസിലിന്റെ മീറ്റിംഗുകൾ:—

(1) ബോർഡിന്റെ വാർഷിക സാമ്പത്തികവിവരപ്പട്ടികയെപ്പറ്റി ആലോചിക്കുന്നതിന് ആണ്ടിൽ ഒരു പ്രാവശ്യം കൗൺസിലിന്റെ ഒരു മീറ്റിംഗ് കൂടേണ്ടതാണ്. സപ്ലിമെന്ററി സ്റ്റേറ്റ്മെന്റുകൾ കൗൺസിലിൽ സമർപ്പിക്കുമ്പോഴും മീറ്റിംഗ് കൂടേണ്ടതാണ് ബോർഡു് കൗൺസിലിൽ സമർപ്പിച്ച ധനസംബന്ധമായ ഏതു സ്റ്റേറ്റ്മെന്റിലും കൗൺസിലിന് ഗവണ്മെന്റിലേയ്ക്കു റിപ്പോർട്ടയയ്ക്കാവുന്നതാണ്. ഏതെങ്കിലും ഒരു അംഗത്തിന് തന്റെ പ്രത്യേകമായോ വ്യത്യസ്തമായോ ഉള്ള റിപ്പോർട്ട് ഇപ്രകാരമുള്ള കൗൺസിൽമീറ്റിംഗിൽ സമർപ്പിക്കാവുന്നതും അപ്രകാരമുള്ള റിപ്പോർട്ട് ചെയർമാന്റെ വിമർശനത്തോടുകൂടി കൗൺസിൽ ഗവണ്മെന്റിലേയ്ക്കു് അയയ്ക്കേണ്ടതുമാണ്.

(2) ആക്റ്റിലെ 16-ാംവകുപ്പിൽ കൂടുന്നതിനു നിർദ്ദേശിച്ചിട്ടുള്ള കൗൺസിൽ മീറ്റിംഗുകൾക്കു പുറമേ, ചെയർമാന് ആവശ്യമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ പ്രത്യേക മീറ്റിംഗ് വിളിച്ചുകൂട്ടാവുന്നതാണ്.

13. പ്രൊസീഡിംഗ്സ്:—

കൗൺസിലിലെ ഓരോ മീറ്റിംഗിലെയും പ്രൊസീഡിംഗ്സ് കൗൺസിൽ സെക്രട്ടറി അതിനായി സൂക്ഷിക്കുന്ന ഒരു മിനിട്ടുബുക്കിൽ രേഖപ്പെടുത്തുകയും, ആ മീറ്റിംഗിലെ ചെയർമാൻ ആ മീറ്റിംഗിലോ അതിനെതുടർന്നു പിന്നീടു വരുന്ന മീറ്റിംഗിലോ വച്ച് ഒപ്പിടുകയും ചെയ്യേണ്ടതാണ്.

14. മീറ്റിംഗ് കൂടുന്നതിന് ആവശ്യമായ ആളുകളുടെ എണ്ണം (Quorum):—

(a) ബോർഡിലെ അംഗങ്ങളെക്കൂടാതെ കൗൺസിലിലെ അംഗങ്ങളിൽ മൂന്നിൽ ഒരു ഭാഗത്തിൽ കുറയാതെ ഉണ്ടായിരുന്നാൽ ഒരു Quorum രൂപീകരിക്കാം. എന്നാൽ മീറ്റിംഗ് തുടങ്ങുന്നതിന് തീരുമാനിച്ച സമയം കഴിഞ്ഞ് 30 മിനിട്ടിനകം Quorum തികഞ്ഞില്ലെങ്കിൽ മീറ്റിംഗ് തുടങ്ങുവാൻ പാടില്ലാത്തതും അപ്പോൾ കൗൺസിൽ ചെയർമാന് ഒരു നിശ്ചിത ദിവസത്തേയ്ക്കു മീറ്റിംഗ് നീട്ടിവയ്ക്കാവുന്നതുമാണ്.

(b) എന്നാൽ നീട്ടിവയ്ക്കപ്പെട്ട മീറ്റിംഗ് ദിവസവും മീറ്റിംഗ് നടത്തുവാൻ തീരുമാനിക്കപ്പെട്ട സമയം കഴിഞ്ഞ് 15 മിനിട്ടിനകം Quorum പൂർത്തിയായില്ലെങ്കിൽ, സന്നിഹിതരായിരിക്കുന്ന അംഗങ്ങളെക്കൊണ്ട് Quorum തികഞ്ഞതായി കണക്കാക്കണം.

(c) തീരുമാനിക്കപ്പെടേണ്ട എല്ലാ പ്രശ്നങ്ങളും ഭൂരിപക്ഷമുള്ള വോട്ടിനാൽ തീരുമാനിക്കപ്പെടേണ്ടതും, ഒരു അഭിപ്രായത്തെ അനുകൂലമായും പ്രതികൂലമായും വോട്ടു ചെയ്യുന്നവരുടെ പേരുകൾ മിനിട്ട്സ് ബുക്കിൽ എഴുതപ്പെടേണ്ടതുമാണ്. വോട്ടു തുല്യനിലയിൽ ഇരിക്കുന്ന അവസരത്തിൽ ചെയർമാന് രണ്ടാമതൊരു വോട്ടിനോ കാസ്റ്റിംഗ് വോട്ടിനോ അവകാശമുണ്ടായിരിക്കുന്നതാണ്.

15. വോട്ടു ചെയ്യാൻ അധികാരമില്ലാത്ത ഉദ്യോഗസ്ഥൻ:—

ബോർഡിലെ അംഗങ്ങളല്ലാത്ത അതിലെ ഉദ്യോഗസ്ഥന്മാരെ ചെയർമാൻ കൗൺസിലിലെ ഏതെങ്കിലും മീറ്റിംഗിൽ സന്നിഹിതരാകുന്നതിന ക്ഷണിക്കപ്പെടാവുന്നതും അങ്ങനെ ഹാജരാകുന്ന ഉദ്യോഗസ്ഥന്മാർക്ക് മീറ്റിംഗിലെ ചർച്ചകളിൽ പങ്കെടുക്കാവുന്നതും എന്നാൽ വോട്ടു ചെയ്യാൻ അവകാശമില്ലാത്തതുമായിരിക്കും.

16. മീറ്റിംഗിന്റെ ചെയർമാൻ:—

കൗൺസിലിന്റെ ചെയർമാൻ കൗൺസിലിന്റെ ഓരോ മീറ്റിംഗിലും ആദ്ധ്യക്ഷ്യം വഹിക്കുന്നതാണ്. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ബോർഡ് അതിലെ ഒരു അംഗത്തെ ചെയർമാന്റെ പ്രതിനിധിയായി അയയ്ക്കുന്നതാണ്. ചെയർമാന്റെയും ചെയർമാന്റെ പ്രതിനിധിയായി ബോർഡ് അയയ്ക്കുന്ന ആളിന്റെയും അഭാവത്തിൽ, സന്നിഹിതരായിരിക്കുന്ന അംഗങ്ങൾ അവരുടെ കൂട്ടത്തിൽനിന്നും ചെയർമാനായി ഒരാളെ തിരഞ്ഞെടുക്കുന്നതാണ്.

17. മീറ്റിംഗിനുള്ള സ്ഥലം:—

കൗൺസിലിന്റെ എല്ലാ മീറ്റിംഗും, ബോർഡ് മറുപ്രകാരത്തിൽ നിർദ്ദേശിക്കുന്നില്ലെങ്കിൽ ബോർഡിന്റെ Head Office-ൽ വച്ചു നടത്തുന്നതാണ്.

18. അംഗങ്ങളുടെ ഫീസും, സഞ്ചാര പ്പടിയും:—

(1) കൗൺസിലിലെ ഒരംഗത്തിനും ഈ നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്നതല്ലാതെ മററു യാതൊരു പ്രതിഫലത്തിനും അർഹതയില്ലാത്തതാകുന്നു.

(2) ഗവണ്മെൻറുദ്യോഗസ്ഥനല്ലാത്ത കൗൺസിലിലെ ഒരു അംഗം മീററിംഗ് കൂടുന്ന ഓരോ ദിവസത്തേയ്ക്കും താൻ മീററിംഗിൽ ഹാജരാകുകയാണെങ്കിൽ 25 രൂപ വീതം സിററിംഗ് ഫീ ആയി കിട്ടുന്നതിനും കേരള സ്റ്റേററിലുള്ള ഒരു 1st Class ഉദ്യോഗസ്ഥനു ലഭിക്കാവുന്ന സഞ്ചാരപ്പടി ലഭിക്കുന്നതിനും അർഹതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ ചെയർമാൻ, Full time basis-ൽ നിയമിക്കപ്പെട്ട മറേറതെങ്കിലും അംഗം, ബോർഡിലെ ഒരു ഉദ്യോഗസ്ഥൻ ഇവർ കൗൺസിൽ മെംബർ ആയിരുന്നാൽ അവർക്ക് സിററിംഗ് ഫീ കൊടുക്കുന്നതല്ല.

(3) ഗവണ്മെൻറുദ്യോഗസ്ഥനായ കൗൺസിലിലെ അംഗത്തിനു Travelling allowance-ം, Daily allowance-ം Halting allowance-ം നിലവിലിരിക്കുന്ന Travelling allowance നിയമപ്രകാരം തനിക്ക് അനുവദിക്കുന്ന നിരക്കനുസരിച്ച് അവകാശപ്പെടാവുന്നതാണ്.

പ്രാദേശിക ഉപദേശക സമിതി (Local Advisory Committee)

19. (1) (a) കാലാവധി:—

പ്രാദേശിക ഉപദേശക സമിതിയുടെ കാലാവധി സാധാരണയായി രണ്ടു വർഷമായിരിക്കും.

(b) കമ്മററിയുടെ സെക്രട്ടറി:—

(1) ബോർഡിലെ ഒരു ഉദ്യോഗസ്ഥനെ ബോർഡ് ഏതെങ്കിലും ഒരു പ്രാദേശിക സമിതിയുടെയോ എല്ലാ സമിതികളുടെയുമോ Ex-officio സെക്രട്ടറിയായി നിയമിക്കാവുന്നതാണ്. സെക്രട്ടറി, എന്തെങ്കിലും ഒഴിച്ചുകൂടാൻ പാടില്ലാത്ത അപരിഹാര്യമായ കാരണങ്ങളാൽ ഹാജരാകാൻ സാധിക്കാതെ വരികയാണെങ്കിൽ ഏതെങ്കിലും പ്രത്യേക മീററിംഗിൽ സെക്രട്ടറിയെ പ്രതിനിധീകരിക്കുന്നതിന് സബ്ഡിവിഷനാഫീസ്സരുടെ പദവിയേക്കാൾ താഴെയല്ലാത്തതായ ഒരു ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന് തൽസംബന്ധമായ ജോലിക്ക് കൂടുതലായി യാതൊരു പ്രതിഫലത്തിനും അർഹതയില്ലാത്തതായിരിക്കും.

(2) ബോർഡിലെ ചെയർമാനിൽ നിന്നോ ഗവണ്മെൻറിൽ നിന്നോ ഉള്ള നിർദ്ദേശങ്ങളനുസരിച്ച് കമ്മിററി മീററിംഗ് വിളിച്ചുകൂട്ടുകയെന്നുള്ളത് കമ്മിററി സെക്രട്ടറിയുടെ ചുമതലയാകുന്നു.

20. പ്രാദേശികസമിതികളുടെ മീററിംഗ്:—

(1) ബോർഡിൽനിന്നും അപ്പപ്പോൾ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽവച്ച് മൂന്നുമാസത്തിലൊരിക്കൽ പ്രാദേശിക ഉപദേശക സമിതി സമ്മേളിക്കുന്നതാണ്.

(2) സെക്രട്ടറി കമ്മിററിയിലെ ഓരോ അംഗത്തിനേയും മീററിംഗ് തീരുമാനിക്കപ്പെട്ടിരിക്കുന്ന ദിവസത്തിന് ഏഴു ദിവസം മുമ്പ് മീററിംഗിനുള്ള ദിവസം, സമയം, സ്ഥലം ഇവ രേഖാമൂലമായി അറിയിക്കേണ്ടതാണ്.

21. മീററിംഗ് നടത്തുന്നതിനു ആവശ്യമുള്ള ആളുകളുടെ എണ്ണം (Quorum):—

(a) ഓരോ കമ്മിററിയുടേയും ആകെയുള്ള മെംബറന്മാരുടെ മൂന്നിൽ ഒരു ഭാഗത്തിൽ കുറയാത്ത അംഗങ്ങൾ ഉണ്ടായിരുന്നാൽ quorum പൂർത്തിയാകും.

(b) തീരുമാനിക്കപ്പെടുന്നതിനായി ഉന്നയിക്കുന്ന ഓരോ പ്രശ്നവും ഭൂരിപക്ഷങ്ങളുടെ വോട്ടനുസരിച്ച് തീരുമാനിക്കപ്പെടേണ്ടതും, അഭിപ്രായത്തിനു അനുകൂലമായും പ്രതികൂലമായും വോട്ടുചെയ്യുന്നവരുടെ പേരുവിവരം മിനിററ്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. വോട്ട് തുല്യനിലയിലായിരിക്കുമ്പോൾ ചെയർമാന് ഒരു കാസ്റ്റിങ് വോട്ടിനോ രണ്ടാമതൊരു വോട്ടിനോ അവകാശമുണ്ടായിരിക്കുന്നതാണ്.

22. പ്രാദേശിക ഉപദേശക സമിതികളിലുള്ള അംഗങ്ങളുടെ സഞ്ചാരപ്പടി:—

(1) കമ്മിററിയിലെ ഒരംഗത്തിന് (2)-ാം ഉപനിയമത്തിൽ പറഞ്ഞിരിക്കുന്ന സഞ്ചാരപ്പടിയും ദിവസബത്തയും ഒഴിച്ച് മററു യാതൊരു പ്രതിഫലത്തിനും അവകാശമുണ്ടായിരിക്കുന്നതല്ല.

(2) കമ്മിററികളുടെ മീററിംഗിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ സഞ്ചാരപ്പടി സംസ്ഥാനത്തെ I class ഉദ്യോഗസ്ഥന്മാർക്ക് അനുവദിക്കുന്ന നിരക്കിൽ നൽകുന്നതാണ്.

(3) ഗവണ്മെൻറുദ്യോഗസ്ഥനായിരിക്കുന്ന സമിതിയിലെ ഒരംഗത്തിനു Travelling allowance-ം, Daily allowance-ം, Halting allowance-ം തനിക്ക് നിലവിലിരിക്കുന്ന ഗവണ്മെൻറ് Travelling allowance നിയമമനുസരിച്ച് കിട്ടേണ്ടുന്ന നിരക്കിൽ വാങ്ങിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

23. മീററിംഗിൽ ചർച്ചയ്ക്കു വിഷയീഭവിക്കാൻ പാടില്ലാത്ത സംഗതികൾ:—

ഈ നിയമങ്ങളിൽ ഇതിനെ സംബന്ധിച്ച് പറയുന്നുണ്ടെങ്കിലും ചെയർമാന്റെ അഭിപ്രായത്തിൽ പൊതുജനതാല്പര്യത്തിന് വിഘാതമെന്നു തോന്നുന്ന സംഗതികളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾക്ക് കമ്മിററി മീററിംഗിൽ ഉത്തരം നൽകുന്നതിനോ അതിനെ സംബന്ധിച്ച് മറെറന്തെങ്കിലും അഭിപ്രായം പറയുന്നതിനോ ബോർഡിനു ബാദ്ധ്യതയില്ല.

ഭാഗം 4.

ബോർഡിന്റെ സ്വത്ത്—കടംവാങ്ങൽ.

24. കടം വാങ്ങുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റിലേക്കു നൽകേണ്ട വിവരങ്ങൾ:—

(1) ഈ നിയമങ്ങളിൽ മററു പ്രകാരത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന സംഗതികളിലൊഴികെ ബോർഡിനു ഗവണ്മെന്റിന്റെ മുന്നനുമതികൂടാതെ യാതൊരു തുകയും കടമെടുക്കാൻ പാടില്ലാത്തതാകുന്നു.

(2) ഗവണ്മെന്റിന്റെ മുന്നനുമതി ലഭിക്കുന്നതിന് അപേക്ഷിക്കുമ്പോൾ ആവശ്യപ്പെടുന്ന തുക, അതിന്റെ ഉദ്ദേശം, സ്വഭാവം, പരിതഃസ്ഥിതികൾ ആദിയായി കടമെടുക്കാൻ ഉദ്ദേശിച്ച തുകയെപ്പററി ഗവണ്മെൻറ് ആവശ്യപ്പെടുന്ന വിവരങ്ങൾ ബോർഡു നൽകേണ്ടതാണ്.

25. ബോർഡിന്റെ താൽക്കാലികമായ കടംവാങ്ങൽ:—

ബോർഡ് അതിന്റെ വരുമാനത്തിൽ കൊള്ളിക്കേണ്ടതായ ഏതെങ്കിലും താൽക്കാലിക ചെലവിനെ ഉദ്ദേശിച്ചോ അല്ലെങ്കിൽ അതിന്റെ സ്വത്തിന്റെ നിലവാരം ഉയർത്താൻവേണ്ടി പുറപ്പെടുവിക്കുന്ന ബോണ്ടിനോ, സ്റ്റോക്കിനോ, മററു വല്ലതിനുമോ വേണ്ടിവരുന്ന പ്രാരംഭ ചെലവുകൾക്കു വേണ്ടി താൽക്കാലികമായി കടമെടുക്കുകയോ, അല്ലെങ്കിൽ ബാങ്കിൽനിന്നും ഓവർഡ്രാഫ്റ്റ് മുഖേനയോ, മറേറതെങ്കിലും വിധത്തിലോ ആവശ്യപ്പെടുന്ന പണം ഗവണ്മെൻറ് അനുവദിച്ച വ്യവസ്ഥയിലും, കാലാവധിയിലും, ജാമ്യത്തിലും താൽക്കാലികമായി കടമെടുക്കാവുന്നതാണ്.

ഇപ്രകാരം കടമെടുക്കുന്ന പണം പലിശസഹിതം ബോർഡിന്റെ നിലവിലുള്ള വരുമാനത്തിൽ നിന്നും താൽക്കാലികമായി പണം കടമെടുത്ത തീയതി തുടങ്ങി 12 മാസത്തിനകമോ അല്ലെങ്കിൽ ഗവണ്മെൻറ് നീട്ടിക്കൊടുക്കാവുന്ന മറേറതെങ്കിലും കാലാവധിക്കകമോ തിരികെ കൊടുക്കേണ്ടതാണ്.

26. (1) ബോർഡ് താഴെ പറയുന്ന സംഗതികൾക്കായി കടമെടുക്കാവുന്നതാണ്:—

(a) നേരത്തേതന്നെ കടമെടുത്ത ഏതെങ്കിലും തുക ഉടൻതന്നെ തിരികെ കൊടുക്കണമെന്നു ഉദ്ദേശിക്കുന്ന അവസരത്തിലും, അല്ലെങ്കിൽ,

(b) കഴിഞ്ഞ പന്ത്രണ്ടു മാസംകൊണ്ട് മററു ഫണ്ടുകളിൽനിന്നും താൽക്കാലികമായി ഈ നിയമപ്രകാരം എടുത്ത പണത്തെ തിരികെ കൊടുക്കുന്നതിനും, കൊടുക്കുന്ന അവസരത്തിൽ കടമെടുത്ത് വീണ്ടും ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നതിനുമായി, വിനിയോഗിച്ച പണം അതതു ഫണ്ടിൽ നിക്ഷേപിക്കേണ്ട അവസരത്തിലും,

(2) ഈ നിയമപ്രകാരം കടമെടുത്തിട്ടുള്ള പണം തിരികെ കൊടുക്കണമെന്ന ഉദ്ദേശത്തോടുകൂടി കടം വാങ്ങുന്ന പണം ആദ്യത്തെ കടത്തിൻെറ ഒരു ഭാഗമായി കണക്കാക്കപ്പെടേണ്ടതാണ്.

27. കടമെടുക്കപ്പെടുന്ന പണം ഉപയോഗിക്കേണ്ട വിധം:—

ഗവണ്മെൻറിൻെറ മുന്നനുമതിയോടുകൂടിയല്ലാതെ, എന്തെങ്കിലും ജാമ്യത്തിന്മേൽ എടുക്കപ്പെടുന്ന പണം, ഏതു കാര്യസാദ്ധ്യത്തിനുവേണ്ടി എടുത്തുവോ അതിനുവേണ്ടി മാത്രമേ ഉപയോഗിക്കപ്പെടുവാൻ പാടുള്ളു.

28. താൽക്കാലിക നിക്ഷേപങ്ങൾ:—

ബോർഡ് ബാണ്ടു മുഖേനയോ, മററു സെക്യൂറിട്ടി മുഖേനയോ എടുക്കുന്ന പണം അതു ഏതു സംഗതിക്കുവേണ്ടി എടുത്തുവോ ആ സംഗതിക്കു തൽക്കാലം ആവശ്യമില്ലാതെ വരികയാണെങ്കിൽ ഗവണ്മെൻറ് അംഗീകരിക്കുന്ന ജാമ്യങ്ങന്മേൽ അപ്പോഴപ്പോൾ താൽക്കാലികമായി നിക്ഷേപിക്കാവുന്നതാണ്.

29. സ്റ്റാക്ക് നല്കൽ :—

(1) ബോർഡ് നല്കുന്ന എല്ലാ സ്റ്റാക്കും വീണ്ടെടുക്കത്തക്ക സ്റ്റാക്കായിരിക്കേണ്ടതും ബോർഡിൻെറ പ്രമേയമനുസരിച്ച് ഉണ്ടാക്കുകയും, നല്കുകയും ചെയ്യേണ്ടതുമാകുന്നു.

(2) ബോർഡിന്ന്, അതു തീർച്ചപ്പെടുത്തുന്ന തരത്തിലോ തരങ്ങളിലോ പെട്ട സ്റ്റാക്ക് നല്കാവുന്നതും, എന്നാൽ ഓരോ. തരത്തിൽ പെട്ട സ്റ്റാക്കിന്നും ഒരു പ്രത്യേക പേർ ഉണ്ടായിരിക്കേണ്ടതും, ആ തരത്തിൽപെട്ട എല്ലാ സ്റ്റാക്കിന്നും എതൊരു സമയത്തും ഒരേ പലിശനിരക്ക് ഉണ്ടായിരിക്കേണ്ടതാണെന്നും ഒരേ സമയത്തുതന്നെ വീണ്ടെടുക്കത്തക്കതായിരിക്കേണ്ടതാണെന്നും, മറെറല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഒരേ സ്വഭാവത്തിലുള്ളതായിരിക്കണമെന്നും ഉള്ള നിശ്ചയത്തിന്നു വിധേയമായി അതു നല്കപ്പെടേണ്ടതുമാണ്.

(3) ബോർഡ് ഗവണ്മെൻറിൻെറ മുന്നനുമതിയോടുകൂടി നിശ്ചയിക്കാവുന്ന സംഖ്യയ്ക്കും, വിലയ്ക്കും, പലിശനിരക്കിലും 'സ്റ്റാക്ക്' ആക്ററിലെയും ഈ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി, നല്കാവുന്നതാണ്.

30. സ്റ്റാക്ക് വീണ്ടെടുക്കാവുന്നതാണെന്ന് :—

ബോർഡ് നല്കുന്ന സ്റ്റാക്ക്, ഗവണ്മെൻറിൻെറ അനുമതിയോടുകൂടി ബോർഡ് ഒരു പ്രമേയം മൂലം നിശ്ചയിക്കുന്ന കാലം കഴിയുന്നതോടുകൂടി വീണ്ടെടുക്കേണ്ടതാണ് എന്നാൽ ബോർഡ് പിന്നിട് ഒരു പ്രമേയം മൂലം നിർണ്ണയിക്കുന്ന പക്ഷം മേല്പറഞ്ഞ കാലം കഴിയുന്നതിന്നു മുമ്പുതന്നെ അതു വീണ്ടെടുക്കാവുന്നതാണ്; എന്നു മാത്രമല്ല, സ്റ്റാക്ക് ഉണ്ടാക്കുന്നതു സംബന്ധിച്ചുള്ള ആദ്യത്തെ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളപ്രകാരം തിരിച്ചടയ്ക്കുന്നതിന്നുള്ള എററവും ഒടുവിലത്തെ തീയതി കഴിയുന്നതിന്നുമുമ്പായി

യാതൊരു സ്റ്റോക്കും, അതു വീണ്ടെടുക്കുവാനുള്ള ഉദ്ദേശത്തെപ്പററി മൂന്നു മാസത്തെ നോട്ടീസെങ്കിലും കൊടുത്തിട്ടില്ലാത്തപക്ഷം, വീണ്ടെടുക്കുവാൻ പാടുള്ളതല്ല.

31. സ്റ്റോക്ക് കിഴിവായി നല്കൽ:—

(1) വീണ്ടെടുക്കേണ്ടതിലും കുറവായ വിലയ്ക്കു് സ്റ്റോക്ക് നല്കപ്പെടുന്ന പക്ഷം, നല്കുന്ന വിലയും വീണ്ടെടുക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, ഈ ചട്ടങ്ങളുടെ ആവശ്യങ്ങൾക്കായി, മേലുറഞ്ഞ സ്റ്റോക്ക് വീണ്ടെടുക്കാവുന്ന ഏത്രയും നേരത്തെയുള്ള തീയതിക്ക് അവസാനിക്കുന്ന കാലത്തിനുള്ളിൽ തിരിച്ചടയ്ക്കേണ്ടുന്ന ഒരു കടമായി കരുതപ്പെടേണ്ടതാകുന്നു.

(2) (1)-ാം ഉപചട്ടത്തിൽ നിർദ്ദിഷ്ടമായ ആവശ്യത്തിനായി ബോർഡു്, സ്റ്റോക്കോ കച്ചീട്ടു പത്രങ്ങളോ നടപ്പുള്ള കാലത്തേയ്ക്കു്, ബോർഡിന്റെ മുതലെടുപ്പിൽ നിന്നു് ഒരു ഡിസ്കൗണ്ടു് സിങ്കിങ്ങ് ഫണ്ടു് ഉണ്ടാക്കേണ്ടതാണു്.

32. പണയങ്ങൾ നല്കുവാനുള്ള അധികാരം:—

(1) ബോർഡിന്നു്, ആക്റ്റിലെയും ഈ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി, പണികളും, ബോർഡിന്റെ എല്ലാ മുതലെടുപ്പുകളും അല്ലെങ്കിൽ ആ പണികളുടെ ഭാഗമായിരിക്കുന്ന ഏതെങ്കിലും പ്രത്യേക സ്വത്തും പണയപ്പെടുത്തുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്യാവുന്നതാണു്.

(2) പത്തുകൊല്ലത്തിൽ കുറവായ ഒരു കാലത്തേയ്ക്കു് യാതൊരു പണയവും ബോർഡു് അനുവദിക്കുവാൻ പാടില്ലാത്തതും, യാതൊരു പണയത്തിന്റെയും കാലാവധി പത്തുകൊല്ലത്തിൽ കുറവായ ഒരു കാലത്തേയ്ക്കു് നീട്ടാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ ഉപചട്ടത്തിലെ വ്യവസ്ഥകൾ, ബോർഡിന്റെ പണികളുടെ ഭാഗമായിത്തീരുന്ന വല്ല പ്രത്യേക സ്വത്തിന്മേലും ഭരിതമാക്കപ്പെട്ട വല്ല — പണയാധിയേയോ, പണയം സംബന്ധിച്ചോ പ്രയോജ്യമാകുന്നതല്ല.

(3) ബോർഡു് നല്കിയ വല്ല പ്രത്യേക വസ്തുവിന്റെയും പണയമല്ലാത്ത ഏതൊരു പണയവും, ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിധേയമായി, 'ബി' എന്ന ഉപാംഗത്തിൽ പറയപ്പെട്ടിട്ടുള്ളതോ, പറയപ്പെട്ടിട്ടുള്ളതിനോടു തുല്യമായതോ ആയ ഫാറത്തിൽ എഴുതിയ രേഖാമൂലമായിരിക്കേണ്ടതാണു്.

33. ബോണ്ടുകൾ നല്കുകയും പുതുക്കുകയും ചെയ്യാനുള്ള അധികാരം:—

ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിധേയമായി, ബോർഡിന്നു് ബോണ്ടുകൾ നല്കുകയും പുതുക്കുകയും ചെയ്യാവുന്നതാകുന്നു.

34. ബോണ്ടുകൾക്കുള്ള ഉറപ്പ് പത്രം :—

(1) ബോർഡ് എത്ര മുതൽ സംഖ്യയ്ക്കും, പലിശയ്ക്കും ബോണ്ടുകൾ നല്കുന്നുവോ, ആ മുതൽ സംഖ്യയ്ക്കും പലിശയ്ക്കും അവ അടയ്ക്കുന്നതിനുള്ള ബോർഡിന്റെ ഉടമ്പടിയിന്മേൽ ഉറപ്പ് നൽകേണ്ടതും, ഇതിനു പുറമെ ഏതെങ്കിലും ബോണ്ടുകളാലോ ഏതെങ്കിലും തരത്തിൽപ്പെട്ട ബോണ്ടുകളാലോ ഉറപ്പ് നൽകപ്പെട്ട മുതൽ സംഖ്യയും, പലിശയും ബോർഡിന്റെ പണികളും എല്ലാ മുതലെടുപ്പുകളും അല്ലെങ്കിൽ ആ പണികളുടെ ഭാഗമായിത്തീരുന്ന വല്ല പ്രത്യേക സ്വത്തും ബാദ്ധ്യതപ്പെടുത്തിക്കൊണ്ടുള്ള ഒരു മേലൊപ്പ് പത്രംമൂലം ബാദ്ധ്യതപ്പെടുത്തുകയോ അല്ലെങ്കിൽ അതിനു ഉറപ്പ് നല്കുകയോ ചെയ്യാവുന്നതാകുന്നു.

(2) ബോർഡ് നല്കുന്ന ബോണ്ടുകൾക്ക് സന്ദർഭാനുസരണം "Kerala State Electricity Bonds" അല്ലെങ്കിൽ "Kerala State Electricity Mortgage Bonds" അല്ലെങ്കിൽ "Kerala State Electricity Mortgage Debenture" എന്നു പേർ പറയേണ്ടതാണ്.

(3) ബോണ്ടുകളും, ബോണ്ടുകൾക്കുള്ള അപേക്ഷകളും നൂറു രൂപയോ അഞ്ഞൂറ് രൂപയോ ആയിരം രൂപയോ അല്ലെങ്കിൽ ആയിരം രൂപയുടെ ഇരട്ടികളോ ആയ സംഖ്യകൾക്കായിരിക്കേണ്ടതാണ്.

(4) ബോണ്ടുമൂലം ഉറപ്പുനൽകപ്പെട്ട മുതൽ സംഖ്യ, ബോണ്ടിന്റെ തീയതി മുതല്ക്ക് 5 കൊല്ലത്തിൽ കുറയാത്തതും ബോണ്ടിൽ പറയപ്പെട്ടതുമായ നിശ്ചിത തീയതിക്ക് തിരിച്ചുകൊടുക്കേണ്ടതാണ്.

(5) ഈ ചട്ടത്തിലുള്ള യാതൊന്നും തന്നെ, ബോണ്ടിന്റെ കൈവശക്കാരനുമായി കരാർമൂലം ഏതൊരു സമയത്തും ഒരു ബോണ്ട് വീണ്ടെടുക്കുന്നത് ഉചിതമെന്ന് ബോർഡിനു തോന്നുന്നപക്ഷം അതിൽനിന്നും ബോർഡിനെ നിരോധിക്കുന്നതായി വ്യാഖ്യാനിക്കപ്പെടാൻ പാടില്ലാത്തതാകുന്നു.

35. വീണ്ടെടുക്കപ്പെട്ടതോ, വിലകൊടുത്തു വാങ്ങപ്പെട്ടതോ ആയ ഉറപ്പു പത്രങ്ങളുടെ അവതി :—

ബോർഡ് വീണ്ടെടുത്തതോ, വിലകൊടുത്തു വാങ്ങിയതോ ആയ ഏതെങ്കിലും ഉറപ്പുപത്രം അവതിയാക്കേണ്ടതാകുന്നു.

36. അവകാശപ്പെടാത്ത ഉറപ്പുപത്രം :—

ഏതെങ്കിലും തരത്തിൽപ്പെട്ട ഉറപ്പുപത്രം വീണ്ടെടുക്കേണ്ട തീയതിക്കുശേഷം (ഇതിനുശേഷം "വീണ്ടെടുപ്പുതീയതി" എന്നു പറയപ്പെടും) ഇരുപതു കൊല്ലം കഴിഞ്ഞാൽ ആ തരത്തിൽപെട്ട ഏതെങ്കിലും ഉറപ്പു പത്രത്തിന്റെ കൈവശക്കാരൻ മുമ്പോട്ടു വരുന്നില്ലെന്നതുമൂലമോ, അങ്ങനെയുള്ള ഏതെങ്കിലും ഉറപ്പുപത്രത്തിന്റെ ഉടമസ്ഥതയെപ്പറ്റി വല്ല

സംശയംമൂലമോ ബോർഡിന് ഉറപ്പുപത്രം വീണ്ടെടുക്കാൻ കഴിയാതെവന്നാൽ, അപ്പോൾ മുതൽ പ്രസ്തുത ഉറപ്പുപത്രം അവധിവന്നതായി കരുതേണ്ടതും പ്രസ്തുത സംഖ്യ മുതലെടുപ്പിലേയ്ക്കു വരവു പിടിക്കാവുന്നതും ആകുന്നു.

37. രജിസ്ട്രാർമാരുടെ നിയമനം:—

ബോർഡ് ഓരോ പ്രാവശ്യവും സ്റ്റാക്കോ, ബാണ്ടുകളോ നൽകുന്നതിനു മുൻപും, ഏതെങ്കിലും പണയം അനുവദിക്കുന്നതിനു മുൻപും, അവക്ക് യുക്തമെന്നു തോന്നുന്നപ്രകാരം, ഈ ചട്ടങ്ങൾക്ക് വിരുദ്ധമല്ലാത്ത നിബന്ധനകളിന്മേലും, വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായും, ബോർഡിലെയോ, ഏതെങ്കിലും ബാങ്കിംഗ് കമ്പനിയിലെയോ മററു കമ്പനിയിലെയോ ഒരുദ്യോഗസ്ഥനെ, സ്റ്റാക്കോ ബാണ്ടുകളോ നൽകുന്നതിനുള്ള രജിസ്ട്രാറായോ, ഈ ചട്ടങ്ങളുടെ എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുള്ള പണയസംബന്ധമായ രജിസ്ട്രാറായോ നിയമിക്കുകയും അതിനുശേഷം തുടർന്ന് നിയമിക്കുകയും ചെയ്യേണ്ടതാണ്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പൊതുനടപടി, റിസർവ് ബാങ്കിനെ രജിസ്ട്രാറായി നിയമിച്ചിട്ടുള്ളതും, ഈ ചട്ടങ്ങൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമായ എല്ലാ ഉറപ്പുപത്രങ്ങൾക്കും ബാധകമാകുന്നതാണ്.

38. ഉറപ്പുപത്രങ്ങളുടെ രജിസ്റ്ററുകൾ:—

ഓരോ രജിസ്ട്രാറും, അയാൾ രജിസ്ട്രാർ ആയി നിയമിക്കപ്പെട്ടിട്ടുള്ള ഓരോ തരത്തിൽപ്പെട്ട ഉറപ്പുപത്രത്തെയും സംബന്ധിച്ച് ഒരു രജിസ്റ്റർ (ഇതിനുശേഷം "രജിസ്റ്റർ" എന്നു പറയപ്പെടും) വെച്ചുപോരേണ്ടതാകുന്നു. താഴെപ്പറയുന്ന വിവരങ്ങൾ അതിൽ ചേർക്കേണ്ടതാണ്:—

(എ) സ്റ്റാക്കിന്റെ സംഗതിയിൽ:—രജിസ്റ്റർ സംബന്ധിക്കുന്ന തരത്തിൽപെട്ട ബാണ്ടുകളുടെ അപ്പഴപ്പോഴുള്ള ഓരോ കൈവശക്കാരന്റെയും പേരും, മേൽവിലാസവും, വിവരണവും, അയാൾക്കുള്ള തുകയും;

(ബി) പണയങ്ങളുടെ കാര്യത്തിൽ:—(i) ഓരോ പണയത്തിലെയും കക്ഷികളുടെ പേരും, മേൽവിലാസവും, വിവരണങ്ങളും, അതിന്റെ നമ്പരും തീയതിയും, ആയത് അനുവദിച്ചത് ഏതിനുവേണ്ടിയാണോ ആ തുകയും, പണയംവച്ച വസ്തുവിന്റെ വിശദവിവരങ്ങളും;

(ii) ഓരോ പണയത്തിന്റെയും രജിസ്ട്രാക്കൽ തീയതിയും, ആയത് കൊടുത്തുതീർത്ത തീയതിയും;

(സി) ബാണ്ടുകളുടെ സംഗതിയിൽ:—രജിസ്റ്റർ സംബന്ധിക്കുന്ന ഇനം ബാണ്ടുകളുടെ അപ്പഴപ്പോഴുള്ള ഓരോ കൈവശക്കാരന്റെയും പേരും, മേൽവിലാസവും, വിവരണവും അയാൾ കൈവശം വച്ചിട്ടുള്ള ബാണ്ടുകളുടെ തുക സംബന്ധിച്ച വിവരണം, അവ പുറപ്പെടുവിച്ചിട്ടുള്ള കാലാവധികൾ എന്നിവയും, അവ ചുമത്തിയിട്ടുള്ള വസ്തു (ഏതെങ്കിലും

ഉണ്ടെങ്കിൽ)വും, ബോണ്ടുകൾ ഒരു ഭരമേൽപ്പപത്രംമൂലം സുരക്ഷിതപ്പെടുത്തിയിട്ടുള്ളപക്ഷം, ഇതിനശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം അയാൾക്കു് നൽകിയിട്ടുള്ള സർട്ടിഫിക്കററുകളുടെ നമ്പരും, തീയതിയും അഥവാ ബോണ്ടുകൾ അപ്രകാരം സുരക്ഷിതപ്പെടുത്തിയിട്ടില്ലെങ്കിൽ, അയാൾ കൈവശം വച്ചിട്ടുള്ള ഓരോ ബോണ്ടിന്റെയും നമ്പരും, ഓരോ ബോണ്ടിന്റെയും രജിസ്ട്രാക്കൽ തീയതിയും, ആയതു് കൊടുത്തുതീർത്ത തീയതിയും.

39. ഭരമേല്പപത്രം മൂലം സുരക്ഷിതമാക്കിയിട്ടുള്ള, രജിസ്റ്റർ ചെയ്യപ്പെട്ട സ്റ്റോക്കിന്റെയും ബോണ്ടുകളുടെയും സർട്ടിഫിക്കററുകൾ :—

ഭരമേല്പപത്രംമൂലം സുരക്ഷിതമാക്കിയിട്ടുള്ള സ്റ്റോക്കോ ബോണ്ടുകളോ രജിസ്റ്ററാക്കുന്നതോടുകൂടി അതതു രജിസ്ട്രാർ, സ്റ്റോക്കിന്റെയോ ബോണ്ടുകളുടെയോ കൈവശക്കാരനു (സന്ദർഭംപോലെ) അങ്ങനെയുള്ള സ്റ്റോക്കിന്റെയോ ബോണ്ടുകളുടെയോ ഉടമസ്ഥതാസാക്ഷ്യപത്രം കൊടുക്കേണ്ടതും, അങ്ങനെയുള്ള സാക്ഷ്യപത്രം, അതിൽ പേരു പറഞ്ഞിട്ടുള്ള ആളിന്റെ അവകാശത്തിന്റെ പ്രത്യക്ഷതെളിവായിരിക്കുന്നതുമാണു്.

40. ഉറപ്പുപത്രങ്ങൾ കൈമാററം ചെയ്യുന്നതിനുള്ള അധികാരം :—

ഈ ചട്ടങ്ങൾക്കും, ഉറപ്പുപത്രങ്ങൾ പുറപ്പെടുവിച്ച നിബന്ധനകൾക്കും വിധേയമായി, ഏതെങ്കിലും ഉറപ്പുപത്രത്തിന്റെ കൈവശക്കാരനു് ആയതു് മുഴുവനമായോ ഭാഗികമായോ, കൈമാററം ചെയ്യാവുന്നതാണു്. എന്നാൽ ഭരമേല്പപത്രംവഴി സുരക്ഷിതപ്പെടുത്തിയിട്ടില്ലാത്ത ഒരു പണയമോ ബോണ്ടോ ഭാഗികമായി കൈമാററം ചെയ്യാൻ പാടില്ലാത്തതും, ബോർഡിനു് ഒരു ബോണ്ടു് പുറപ്പെടുവിക്കാവുന്ന ഒരു തുകയുള്ളതല്ലാത്ത, ഒരു ഭരമേല്പപത്രംമൂലം സുരക്ഷിതപ്പെടുത്തിയിട്ടുള്ള ഒരു ബോണ്ടിന്റെ യാതൊരു ഭാഗവും കൈമാററം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

41. ഭരമേൽപ്പപത്രം മൂലം സുരക്ഷിതമാക്കിയിട്ടുള്ള സ്റ്റോക്കിന്റെയും ബോണ്ടുകളുടെയും കൈമാററം :—

(1) ഭരമേല്പപത്രം മൂലം സുരക്ഷിതമാക്കിയിട്ടുള്ള സ്റ്റോക്കും ബോണ്ടുകളും രേഖാമൂലമായ ഒരു പ്രമാണം വഴി കൈമാററം ചെയ്യേണ്ടതും, അതു് കൈമാററം ചെയ്യുന്നവനും കൈമാററി കിട്ടുന്നയാളും ഒരുമിച്ചു് എഴുതി ഒപ്പിടേണ്ടതും, മുറപ്രകാരം സാക്ഷ്യപ്പെടുത്തേണ്ടതും, കൈമാററപ്പത്രത്തിൽ യഥോചിതം സ്റ്റാമ്പു പതിച്ചിരിക്കേണ്ടതുമാകുന്നു.

(2) കൈമാററാധാരവും, അതിനെ സംബന്ധിക്കുന്ന സർട്ടിഫിക്കററും അതതു രജിസ്ട്രാരുടെ അടുക്കൽ ഡിപ്പാസിററ ചെയ്യേണ്ടതും അതു അദ്ദേഹം സൂക്ഷിക്കേണ്ടതുമാണു്.

“കൈമാററരജിസ്റ്റർ” എന്ന ഒരു ബുക്കിൽ അതിനെപ്പററി ഒരു കുറിപ്പു് അങ്ങനെയുള്ള രജിസ്ട്രാർ എഴുതിക്കേണ്ടതും, കൈമാററാധാര

ത്തിൽ അങ്ങനെ എഴുതി ചേർത്തതിനെപ്പററി ഒരു കുറിപ്പു പുറത്തെഴുതേണ്ടതും, സന്ദർഭമനുസരിച്ച് കൈമാററം കിട്ടിയ ആൾക്കോ കൈമാററം ചെയ്ത ആൾക്കോ ഒരു പുതിയ സർട്ടിഫിക്കററോ, സർട്ടിഫിക്കററുകളോ, നൽകേണ്ടതുമാണ്. ഒരു ഭരമേല്പപത്രംമൂലം ഉറപ്പു നൽകപ്പെട്ട ഓരോ തരത്തിൽപ്പെട്ട സ്റ്റാക്കുകൾക്കും ബാണ്ടുകൾക്കും ഒരു നമ്പർകൊണ്ടോ മററു വിധത്തിലോ തിരിച്ചറിയാവുന്ന ഒരു പ്രത്യേക കൈമാററ രജിസ്റ്റർ വെച്ചുപോരേണ്ടതാണ്.

(3) യാതൊരു കൈമാററത്തിലും ഒന്നിലധികം തരങ്ങളിൽപ്പെട്ട സ്റ്റാക്കോ ബാണ്ടുകളോ ഉൾക്കൊള്ളിക്കാൻ പാടില്ലാത്തതും പ്രമാണം കൈമാററത്തിനു മാത്രം സംബന്ധിക്കേണ്ടതും, നിബന്ധനയോ, അധികാരമോ, കൾപ്പനിബന്ധനയോ ഒന്നും തന്നെ അതിൽ അടങ്ങിയിരിപ്പാൻ പാടില്ലാത്തതുമാകുന്നു.

(4) ഒരു ഭരമേല്പപത്രം മൂലം ഉറപ്പു നൽകപ്പെട്ട സ്റ്റാക്കോ, ബാണ്ടുകളോ കൈമാററം ചെയ്യുന്ന ആളെ അതിനെ സംബന്ധിച്ചുള്ള രജിസ്റ്ററിൽ കൈമാററം കിട്ടുന്ന ആളുടെ പേർ ചേർക്കുന്നതുവരെ അതിന്റെ കൈവശക്കാരനായിരിക്കുന്നതായി കരുതേണ്ടതാകുന്നു.

42. ഭരമേല്പപത്രംമൂലം ഉറപ്പു നൽകപ്പെട്ടിട്ടില്ലാത്ത പണയങ്ങളും ബാണ്ടുകളും കൈമാററം ചെയ്യൽ:—

(1) ഒരു ഭരമേല്പപത്രംമൂലം ഉറപ്പുനൽകപ്പെട്ടിട്ടില്ലാത്ത പണയങ്ങളും ബാണ്ടുകളും രേഖാമൂലമായ ഒരു ആധാരം മൂലം കൈമാററം ചെയ്യേണ്ടതാണ്. അപ്രകാരമുള്ള ഓരോ രേഖയിലും വേണ്ടത്ര മുദ്ര പതിക്കേണ്ടതും അതിൽ അതിന്റെ തീയതിയും കൈമാററത്തിനുള്ള പ്രതിഫലവും പ്രസ്താവിക്കേണ്ടതും അതിനെ സംബന്ധിക്കുന്ന പണയത്തിന്മേലോ, ബാണ്ടിന്മേലോ അതു പുറത്തെഴുതാവുന്നതുമാണ്.

(2) ഭരമേല്പപത്രംമൂലം ഉറപ്പുനൽകപ്പെട്ടിട്ടില്ലാത്ത പണയങ്ങളുടേയോ ബാണ്ടുകളുടേയോ കൈമാററങ്ങളെ സംബന്ധിച്ച ഒരു രജിസ്റ്റർ അതതു രജിസ്ട്രാർ വെച്ചുപോരേണ്ടതും, ഓരോ കൈമാററത്തീയതിക്കു ശേഷവും ആവുന്നത്ര വേഗത്തിൽ കൈമാററാധാരം അതതു രജിസ്ട്രാരുടെ അടുക്കൽ ഹാജരാക്കേണ്ടതും, അദ്ദേഹം അതാതു കൈമാററ രജിസ്റ്ററിൽ ആ ആധാരത്തിന്റെ തീയതിക്കു അതിലെ കക്ഷികളുടെ പേരും മേൽവിലാസവും വിവരണവും അതുമൂലം കൈമാററം ചെയ്യപ്പെട്ട പണയത്തിന്റെയോ ബാണ്ടിന്റെയോ നമ്പരും എഴുതി ചേർപ്പിക്കേണ്ടതും, അപ്രകാരമുള്ള കുറിപ്പുകൾ എഴുതുന്നതുവരെ ബോർഡോ, രജിസ്ട്രാരോ കൈമാററം കിട്ടിയ ആളോടു യാതൊരു വിധത്തിലും ഉത്തരവാദിയല്ലാതിരിക്കുന്നതുമാകുന്നു. ഭരമേല്പപത്രംമൂലം ഉറപ്പു നൽകപ്പെട്ടിട്ടില്ലാത്ത ഓരോ തരത്തിൽപ്പെട്ട ബോണ്ടുകൾക്കും നമ്പർമൂലമോ മററു വിധത്തിലോ തിരിച്ചറിയാവുന്ന ബാണ്ടുകളുടെ ഒരു പ്രത്യേക കൈമാററരജിസ്റ്റർ വെച്ചുപോരേണ്ടതാണ്.

(3) ഒരു ഒഴമേല്പ് പത്രം മൂലം ഉറപ്പു നൽകപ്പെട്ടിട്ടില്ലാത്ത ഒരു പണയത്തിന്റെയോ, ബോർഡിന്റെയോ വല്ല കൈമാററവും രജിസ്റ്റർ ചെയ്യാൽ കൈമാററി കിട്ടിയ ആൾക്കോ അയാളുടെ മരണശാസനം നടത്തുന്ന ആളുകൾക്കോ, സ്വത്തു് വിചാരിപ്പുകാർക്കോ ആദ്യത്തെ പണയത്തിന്റെയും അഥവാ ബോർഡിന്റെയും അതുമൂലം ഉറപ്പു നൽകപ്പെട്ട മുതലിന്റേയും പലിശയുടെയും പരിപൂർണ്ണ ഗുണാനുഭവത്തിനു് അവകാശമുണ്ടായിരിക്കുന്നതാകുന്നു.

(4) മേൽ പറഞ്ഞ പ്രകാരം ഒടുവിൽ കൈമാററിക്കിട്ടുകയും രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിരിക്കുന്ന ആളോ അയാളുടെ മരണശാസനം നടത്തുന്ന ആളുകളോ സ്വത്തു വിചാരിപ്പുകാരൊ ഒഴികെ യാതൊരാൾക്കും അങ്ങനെയുള്ള വല്ല പണയമോ, ബോണ്ടോ അല്ലെങ്കിൽ അതു മൂലം ഉറപ്പു് നൽകപ്പെട്ട വല്ല പണമോ കൈമാററം ചെയ്യുന്നതിനൊ, ഒഴിമുറി കൊടുക്കുന്നതിനോ വീട്ടുന്നതിനോ അവകാശമുണ്ടായിരിക്കുന്നതല്ല.

43. പണയരജിസ്റ്റർ പരിശോധന:—

പണയരജിസ്റ്റർ ന്യായമായ ഏതു സമയത്തും ഏതു് പണയക്കാരനാലൊ, അല്ലെങ്കിൽ പണയത്തിനവകാശപ്പെട്ട മററാളുകളാലൊ പ്രതിഫലം കൂടാതെ പരിശോധിക്കുന്നതിനും ബോർഡു് അപ്പോഴപ്പോൾ തീരുമാനിക്കുന്നതുപോലെ അഞ്ചു രൂപയിൽ കവിയാത്ത ഒരു തുക കൊടുത്തിട്ടു് മററാരെക്കൊണ്ടെങ്കിലും പരിശോധിപ്പിക്കുന്നതിനും തക്കതുപോലെ സൂക്ഷിക്കേണ്ടതാണു്.

44. ട്രസ്റ്റ് സംബന്ധിച്ച നോട്ടീസ് വേണ്ടെന്നു്:—

ഏതെങ്കിലും ഈടു് സംബന്ധിച്ചു് വ്യക്തമായോ സൂചനയാലോ അല്ലെങ്കിൽ സഹചര്യങ്ങൾ കൊണ്ടു് തോന്നിപ്പിക്കുന്ന വിധത്തിലൊ ഉള്ള യാതൊരറിയിപ്പും ബോർഡോ അല്ലെങ്കിൽ ഏതെങ്കിലും രജിസ്ട്രാരോ സൂക്ഷിക്കുന്ന ഏതെങ്കിലും രജിസ്റ്ററിലൊ ഏതെങ്കിലും മററു പുസ്തകത്തിലൊ ഏതെങ്കിലും സർട്ടിഫിക്കററിലൊ പണയപത്രത്തിലൊ അല്ലെങ്കിൽ ഏതെങ്കിലും ഈടു സംബന്ധിച്ച കൈമാററപ്പത്രത്തിലൊ ചേർക്കാൻ പാടില്ലാത്തതാണു്. അങ്ങനെയുള്ള അറിയിപ്പു് ബോർഡോ രജിസ്ട്രാരോ വാങ്ങാൻ പാടില്ലാത്തതും അങ്ങനെ അഥവാ ഏതെങ്കിലും വിധത്തിൽ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിൽ അതു് രജിസ്ട്രാരേയോ ബോർഡിനേയൊ ബാധിക്കാത്തതും രജിസ്റ്ററിൻപ്രകാരം ഏതെങ്കിലും ഈടിന്മേൽ കാണുന്ന പേരുള്ള ആളുടെ രസീതുണ്ടായാൽ ബോർഡു് ആ ഈടിനു് കൊടുത്തിട്ടുള്ള വല്ല പണത്തിന്റേയും ബാദ്ധ്യത തീർച്ചയും തീരുന്നതുമാകുന്നു.

45. മരണാനന്തരമുള്ള കൈമാററം:—

(1) ഈടുണ്ടായിരുന്ന ഏതെങ്കിലും ഒരാൾ മരിക്കുകയാണെങ്കിൽ അതിനെ സംബന്ധിക്കുന്ന അയാളുടെ അവകാശം ആ ആളിന്റെ സ്വത്തിന്റെ മേൽനോട്ടം വഹിക്കുന്നവർക്കും അതു് കൈകാര്യം ചെയ്യുന്നവർക്കും കൈമാററം ചെയ്യാവുന്നതാണു്.

(2) ഏതെങ്കിലും ഈടിന് കൈവശക്കാരായി രണ്ടോ അതിലധികമോ ആളുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഒരാളിന്റെ മരണശേഷം മററ ആളിന് ആ ഈടിന് അവകാശം ഉണ്ടായിരിക്കത്തക്കവിധം അവർ ആ ഈടിന്റെ സംയുക്താവകാശികളായി പരിഗണിക്കപ്പെടുന്നതാണ്.

(3) ബോർഡോ അതിനെ സംബന്ധിച്ചുള്ള രജിസ്ട്രാരോ വിൽപ്പത്രമോ മരിച്ചയാളിന്റെ സ്വത്ത് കൈകാര്യം ചെയ്യുന്നതിൽ അവകാശിയാണെന്നുള്ള റിക്കാർഡോ 1925-ലെ ഇൻഡ്യൻ പിന്തുടർച്ചാവകാശ ആക്റ്റിൽ പ്രസ്താവിച്ച രീതിയിലുള്ള പിന്തുടർച്ചാവകാശസർട്ടിഫിക്കററ് ആവശ്യപ്പെടാവുന്നതും അങ്ങനെ അത് രജിസ്ട്രേഷനവേണ്ടി രജിസ്ട്രാരുടെ സാക്ഷ്യം ഹാജരാക്കുന്നതുവരെ ഏതെങ്കിലും ഈട് കൈമാററുന്നതിന് സ്വത്തിന്റെ മേൽനോട്ടം വഹിക്കുന്ന ആളെയോ അത് കൈകാര്യം ചെയ്യുന്ന ആളെയോ അനുവദിക്കാതിരിക്കാവുന്നതും അവരെ കൈമാററത്തിൽ ചേരുന്നതിന് ആവശ്യപ്പെടാവുന്നതുമാണ്.

46. കൈവശക്കാരന്റെ മരണംമൂലമുള്ളതല്ലാത്ത കൈമാററമോ, അല്ലെങ്കിൽ ബുക്ക് മുഖാന്തിരമോ, ആധാരം മുഖേനയോ ഉള്ള കൈമാററമോ.

(1) ഈട് കൈവശക്കാരന്റെ മരണാനന്തരം ഈ ചട്ടങ്ങളനുസരിച്ച് പുസ്തകങ്ങളിലോ, ആധാരത്തിലോ ഉള്ള കൈമാററമല്ലാതെ നിയമാനുസൃതം ഏതെങ്കിലും പ്രകാരം ഏതെങ്കിലും ഈടിലെ അവകാശം കൈമാററം ചെയ്തിരുന്നാൽ അതിനെ സംബന്ധിക്കുന്ന തൃപ്തികരമായ തെളിവ് ഒന്നോ അതിലധികമോ ശേഷിയുള്ള ആളുകളുടെ സത്യവാങ്മൂലം വഴിയോ അല്ലെങ്കിൽ ബോർഡിന്റെ അനുമതിയോടുകൂടി അതാതു രജിസ്ട്രാർ ആവശ്യപ്പെടുന്ന മററു വിധത്തിലോ അതാത് രജിസ്ട്രാർക്ക് നൽകേണ്ടതാണ്.

(2) കൈമാററപ്രകാരം അവകാശപ്പെട്ട ആളുടെ പേര് അതാത് രജിസ്റ്ററുകളിൽ ചേർക്കേണ്ടതാണ്.

(3) ഒന്നാം ഉപചട്ടപ്രകാരം തെളിവ് ഹാജരാക്കുന്നതുവരെ ബോർഡോ അതിനെ സംബന്ധിച്ച രജിസ്ട്രാരോ ആ കൈമാററം അംഗീകരിക്കുവാൻ പാടില്ലാത്തതും കൈമാററത്തിൽ അവകാശപ്പെടുന്ന ആളിന് ഈടിന്റെ പലിശ വാങ്ങിക്കാൻ അവകാശമില്ലാത്തതുമാകുന്നു.

(4) ഈ ചട്ടത്തിന്റെ ആവശ്യങ്ങൾക്ക് കൈമാററം എന്ന പദത്തിൽ ഈടിന്റെ ശരിയായ ഉടമസ്ഥത മാററപ്പെടാതെ ഒരാളിൽത്തന്നെ നിലനിൽക്കുന്നുവെങ്കിലും ഈടിന്റെ കൈവശക്കാരന്റെ പേര് സ്പഷ്ടമായി മാററിയതായി കാണപ്പെടുന്ന കാര്യങ്ങളും ഉൾപ്പെടുന്നു.

47. രജിസ്ട്രാരുടെ മാററം:—

ഏതെങ്കിലും ഈട് കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾക്ക് വിധേയമായി ബോർഡ് ഏതു സമയത്തും തൽക്കാലത്തേക്ക ആ ഈടിന് ഒരു രജിസ്ട്രാരുടെ നിയമനത്തെപ്പററി തീരുമാനിക്കാവുന്നതും അദ്ദേഹത്തിന്റെ സ്ഥാനത്ത് മറെറാരു രജിസ്ട്രാരെ നിയമിക്കാവുന്നതുമാണ്.

48. രജിസ്ട്രാർ ഫീസ് സ്വീകരിക്കയും മററും:—

ഒരു രജിസ്ട്രാർ താൻ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് ട്രാൻസ്ഫർ ബുക്കുകളിൽ ഒരു കുറിപ്പ് ചേർക്കുന്നതിനോ ഒരു ഈടിന്റെ കൈമാററം രജിസ്റ്റർ ചെയ്യുന്നതിനോ താഴെ പറയുന്ന സംഗതികൾ ചെയ്യുന്നില്ലെങ്കിൽ അനുവദിക്കയില്ല:—

(1) ഇതിനുശേഷം പറയപ്പെടുന്ന ഫീസ് അതാതു സംഗതികൾക്ക് കൊടുത്തില്ലെങ്കിലും കൈമാററആധാരം ഒരു സർട്ടിഫിക്കററിനോട് കൂടെയോ അല്ലെങ്കിൽ പണത്തിന് കാരണമായ ആധാരം മുഖേനയോ അല്ലെങ്കിൽ (ഒരുമേല്പ് പത്രത്താൽ സുരക്ഷിതമല്ലാത്ത ബോർഡിന്റെ കയ്യത്തിൽ) അതു സംബന്ധമായ ഭാഗങ്ങളോടുകൂടിയോ;

(2) കൈമാററത്തിന്റെ അവകാശം കാണിക്കുന്നതിനോ, കൈമാററം ചെയ്യുന്നതിനോ, അദ്ദേഹം ന്യായമായി ആവശ്യപ്പെടാവുന്ന മററു തെളിവുകളും.

49. രജിസ്ട്രേഷൻഫീസ്:—

(1) ഒരു ഈട് കൊടുക്കുന്നതിന് മററു പ്രകാരത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഒഴിച്ച് അപ്പോഴപ്പോൾ ബോർഡ് തീരുമാനിക്കപ്പെടുന്നതുപോലെ അതാതു രജിസ്ട്രാരന്മാർ താഴെ പറയുന്ന ഓരോ കാര്യവും രജിസ്റ്റർ ചെയ്യുന്നതിനായി മൂന്നു രൂപയിൽ കവിയാത്ത ഒരു ഫീസ് ചുമത്തുന്നതിന് അധികാരമുള്ളവരായിരിക്കും.

(a) ഏതെങ്കിലും കൈമാററം
(b) വിൽപ്പത്ര സ്ഥാപന ലക്ഷ്യമൊ മേലധികാരത്തിന് ഇതിക്കംനം (Letters of Administration)
(c) പേരുമാററം
(d) മുക്തിയാർ നാമം
(e) കോർട്ടിന്റെ ഉത്തരവ്
(f) ഒരു ഈട് രജിസ്റ്റർ ചെയ്യുന്നതിന് ബാധകമായ മറെറന്തെങ്കിലും പ്രമാണം.

(2) ഇപ്രകാരമുള്ള രജിസ്ട്രേഷൻ ഒരു തരത്തിൽ കൂടുതലായിട്ടുള്ള ഈടിനെ ബാധിക്കുന്നതാണെങ്കിൽ ഓരോ തരത്തിനും പ്രത്യേകഫീസ് ചുമത്താവുന്നതാണ്.

50. രജിസ്റ്ററുകളിലാണ് പ്രത്യക്ഷതെളിവ്:—

ഈ ചട്ടങ്ങളനുസരിച്ച് രജിസ്റ്ററിൽ ചേർത്തിട്ടുള്ള ഓരോ സംഗതികളും ഈടിന്റെ കൈവശക്കാരനായി അതിൽ കൊള്ളിച്ചിട്ടുള്ള ആളിന്റെ അവകാശത്തിനും ഓരോ രജിസ്റ്ററും പ്രത്യക്ഷതെളിവായിരിക്കുന്നതാണ്.

51. കേടുവന്നതോ നഷ്ടപ്പെട്ടതോ ആയ സർട്ടിഫിക്കററുകൾ:—

(1) ഏതെങ്കിലും ഒരു ഈടിന്റെ സർട്ടിഫിക്കററ് നഷ്ടപ്പെടുകയോ, കേടു സംഭവിക്കുകയോ ചെയ്താൽ അതാതു രജിസ്ട്രാരന്മാർ മേൽപ്പറഞ്ഞ സർട്ടിഫിക്കററിനോടുകൂടി മൂന്നു രൂപ കൂടി കൊടുത്താൽ കൊടുത്ത ആൾക്ക് ഒരു പുതിയ സർട്ടിഫിക്കററ് കൊടുക്കുന്നതായിരിക്കും.

(2) സർട്ടിഫിക്കററ് നഷ്ടപ്പെട്ടയാൾ ശരിയായ തെളിവുകൾ അതാതു രജിസ്ട്രാരന്മാർക്ക് കൊടുത്താൽ അവർ ഈ സംഗതി ഔദ്യോഗിക ഗസററിൽ പരസ്യം ചെയ്തതിനുശേഷം, സർട്ടിഫിക്കററ് നഷ്ടപ്പെട്ടതിന് ബോർഡിനുണ്ടാകാവുന്ന നഷ്ടങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു ജാമ്യവും പരസ്യച്ചെലവും മൂന്നു രൂപ ഫീസും കൂടി കൊടുത്താൽ നഷ്ടപ്പെട്ടതോ നശിച്ചതോ ആയ സർട്ടിഫിക്കററിന് അവകാശപ്പെട്ട ആൾക്ക് ഒരു പുതിയ സർട്ടിഫിക്കററ് കൊടുക്കുന്നതാകുന്നു.

(3) മേൽപ്പറഞ്ഞ പുതിയ സർട്ടിഫിക്കററ് കൊടുത്ത സംഭവത്തെക്കുറിച്ച് ഒരു മെമ്മോറാണ്ടം സർട്ടിഫിക്കററിലും അതാതു രജിസ്റ്ററിലും കാണിക്കേണ്ടതാണ്.

52. കൈമാററത്തെക്കുറിക്കുന്ന കുറിപ്പുകൾ ക്ലോസു ചെയ്യുന്ന വിധവും മററും:—

(1) ഈടിന്മേലുള്ള പലിശ കൊടുക്കേണ്ട ദിവസത്തിനു തൊട്ടു മുമ്പുള്ള 30 ദിവസത്തേക്കു കവിയാത്ത കാലത്തേക്ക് അതാതു രജിസ്ട്രാർ ബോർഡിന്റെ അനുമതിയോടുകൂടിയും തക്കതായി പൊതുപരസ്യം ചെയ്തതിനുശേഷവും ഈടു സംബന്ധിച്ചുള്ള ഏതെങ്കിലും തരം കൈമാററരജിസ്റ്റർ ക്ലോസു ചെയ്യാവുന്നതാണ്.

(2) ഒന്നാം ഉപനിയമം അനുസരിച്ച് ക്ലോസുചെയ്യുന്ന ദിവസം ഏതെങ്കിലും ഈടിന്റെ കൈവശക്കാരായി രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നവർക്ക് അടുത്തതായി അതിന്മേൽ അടയ്ക്കപ്പെടുന്ന പലിശയ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

53. ഈ നിയമങ്ങളെ ആസ്പദമാക്കി ബോർഡിന് ഏതെങ്കിലും ബാങ്ക് ഏജൻറന്മാരുമായോ മററു കമ്പനിഏജൻറന്മാരുമായോ, അഥവാ സാമ്പത്തികകാര്യങ്ങൾക്കുള്ള ഏജൻറന്മാരുമായോ ഈടു കൊടുക്കുക, അവയുടെ രജിസ്ട്രേഷൻ, അവയുടെ കൈമാററം, അവയുടെ പലിശ, ബുക്കു സൂക്ഷിക്കുക, ഇപ്രകാരമുള്ള സംഗതികളും ഈടു കൊടുക്കൽ, കൈകാര്യം ചെയ്യൽ, വീണ്ടെടുക്കൽ, തിരിച്ചുകൊടുക്കൽ, ഇവ സംബന്ധിച്ചുള്ള മററു കാര്യങ്ങളും ഏർപ്പാടു ചെയ്യുകയും അതിലേക്ക് ശരിയായ പ്രതിഫലത്തിനു വ്യവസ്ഥ ചെയ്യുകയും ചെയ്യാവുന്നതാണ്.

54. ബോർഡിനു കടം കൊടുക്കുന്നവരുടേയും ഈടു കൊടുക്കുന്നവരുടേയും രക്ഷ:—

ബോർഡിന് കടം കൊടുത്ത ആളോ, അതിൽ ഒരു ഈടിന്റെ ഉടമസ്ഥതാവകാശമുള്ള ആളോ, ഈ ആക്ററ് പ്രകാരമോ, ചട്ടപ്രകാരമോ,

വാങ്ങിയതോ, ഉണ്ടാക്കിയതോ, നൽകിയതോ, അനുവദിച്ചതോ ആയ ഈട് ബോർഡിന്റെ പ്രാപ്തിക്ക് പര്യാപ്തമായതാണോ അല്ലയോ എന്ന് ബോർഡ് അതിന്റെ ഏതെങ്കിലും യോഗമോ, ഏർപ്പെടുത്തിയിട്ടുണ്ടോ അല്ലെങ്കിൽ നടത്തിയിട്ടുണ്ടോ എന്നും യോഗത്തിന്റെ നടപടികൾ നിയമപ്രകാരമോ, ക്രമപ്രകാരമോ ആയിരുന്നോ എന്നും ഈട് മൂലം കടം എടുത്ത പണം ശരിയായ രീതിയിൽ വിനിയോഗിച്ചോ എന്നും അന്വേഷണം നടത്താൻ ബാദ്ധ്യസ്ഥനല്ലാത്തതും അതുമൂലമുണ്ടാകുന്ന എന്തെങ്കിലും നഷ്ടങ്ങൾക്കോ, ദുർവ്വിനിയോഗത്തിനോ ഉത്തരവാദിയല്ലാത്തതുമാകുന്നു.

55. ഭൂമിയോ വസ്തുവോ വാങ്ങുന്നവർക്കുള്ള സുരക്ഷിതത്വം.

പ്രത്യേകം പണയപ്പെടുത്തുകയോ ചാർജ്ജു ചെയ്യുകയോ ചെയ്തിട്ടുള്ള ഭൂമിയോ വസ്തുവോ അല്ലാത്ത ഏതെങ്കിലും പണയത്തിനോ ബാണ്ടിനോ ഈടായി ചാർജ്ജ് ചെയ്തിട്ടുള്ള ഏതെങ്കിലും ഭൂമിയോ വസ്തുവോ ബോർഡ് വില്ക്കുകയോ പാട്ടം കൊടുക്കുകയോ മററു പ്രകാരം വിനിമയം ചെയ്യുകയോ ചെയ്യുമ്പോൾ ആ ഭൂമിയോ വസ്തുവോ കൈമാററിക്കിട്ടിയ ആളിന്റെയോ പാട്ടക്കാരന്റെയോ കൈവശം അതു സംബന്ധിച്ചു യാതൊരു ബാദ്ധ്യതയും കൂടാതെ വച്ചിരിക്കാവുന്നതും അപ്രകാരമുള്ള വില്പനയോ, പാട്ടമോ, വിനിമയമോ മൂലം കിട്ടുന്ന പണം ഉപയോഗിക്കുന്നതിനെപ്പററി അന്വേഷിക്കുവാൻ കൈമാററിക്കിട്ടിയ ആളോ പാട്ടക്കാരനോ ബാദ്ധ്യസ്ഥനല്ലാത്തതും മാത്രമല്ല അതു ദുർവ്വിനിയോഗം ചെയ്യുന്നതിനോ, ഉപയോഗിക്കാതിരിക്കുന്നതിനോ യാതൊരു വിധത്തിലും ഉത്തരവാദിയല്ലാത്തതുമാകുന്നു.

56. റിസീവറുടെ നിയമനം.

ഏതെങ്കിലും ഈടിന്മേൽ വല്ല മുതലോ പലിശയോ കൊടുക്കേണ്ട സമയം മുതൽ മൂന്നു മാസം കഴിഞ്ഞിട്ടും അതിനു രേഖാമൂലമായപേക്ഷിച്ചിട്ടും കൊടുക്കാത്തപക്ഷം പണം കിട്ടേണ്ടുന്നയാൾ മറെറതെങ്കിലും വിധത്തിൽ ഈടാക്കുന്നതിനുള്ള മാർഗ്ഗത്തിനു തടസ്സം കൂടാതെ കോടതിയോട് ഒരു റിസീവറെ നിയമിക്കുന്നതിന് അപേക്ഷിക്കാവുന്നതും കോടതിക്ക് യുക്തമെന്നു തോന്നുന്ന നിബന്ധനകളിന്മേൽ റിസീവറെ നിയമിക്കാവുന്നതുമാണ്.

57. റിസീവറുടെ അധികാരം.

ഏതു ഈടു സംബന്ധിച്ചാണ് റിസീവറെ നിയമിച്ചിട്ടുള്ളത്, ആ ഈട് ഉണ്ടാക്കുക, കൊടുക്കുക, അനുവദിക്കുക ഇവ സംബന്ധിച്ച വ്യവസ്ഥകൾക്കു വിധേയമായി ഈ ചട്ടങ്ങൾ പ്രകാരം നിയമിക്കപ്പെടുന്ന റിസീവർക്ക് മുതലോ, കുടിശ്ശിക പലിശയോ അടയ്ക്കുന്നതിനാവശ്യമുള്ള തുക ഉണ്ടാക്കുന്നതിന് ബോർഡിനുണ്ടായിരിക്കുമായിരുന്ന പ്രകാരം പണം ശേഖരിക്കുന്നതിനോ, വാങ്ങുന്നതിനോ, വസൂലാക്കുന്നതിനോ, വിനിയോഗിക്കുന്നതിനോ അതേ അധികാരവും അനുവദിക്കുവാൻ യുക്തമെന്നു കോടതി കരുതുന്ന മററധികാരങ്ങളും കർത്തവ്യങ്ങളും കൂടി ഉണ്ടായിരിക്കുന്നതാകുന്നു.

58. ഈടുകൾ നൽകുന്നതിനായി മുമ്പു പാസ്സാക്കിയ പ്രമേയ പ്രകാരം ബോർഡ് പ്രവർത്തിച്ചിട്ടില്ലെങ്കിലും, പ്രവർത്തിക്കാത്തെടത്തോളവും, ഏതെങ്കിലും ഈട് ഉണ്ടാക്കുന്നതിന് ബോർഡ് പാസ്സാക്കിയിട്ടുള്ള ഏതൊരു പ്രമേയവും മുഴുവനായോ ഭാഗികമായോ ഒരു പ്രമേയം മൂലം ബോർഡിന് ഏതവസരത്തിലും പിൻവലിക്കാവുന്നതും അപ്രകാരം പിൻവലിച്ചതിനെപ്പററി ഉടനടി ഗവണ്മെൻറിനെ അറിയിക്കേണ്ടതുമാകുന്നു.

59. <u>ഗവണ്മെൻറിനുള്ള ഒഴിവാക്കൽ:—</u>

ഏതു് ഈടു സംബന്ധിച്ചുള്ള മുതലും പലിശയും അഥവാ മുതലോ പലിശയോ ഗവണ്മെൻറ് ഉറപ്പു നൽകിയിട്ടുള്ളതു് അപ്രകാരമുള്ള യാതൊരു ഈടും അതിനെ സംബന്ധിച്ച തുക, വില, പലിശ നിരക്ക്, ആ ഈടു നൽകുന്ന തീയതി, നൽകുന്ന വിധം, അപ്രകാരം നൽകുന്നതു മൂലമുള്ള വരുമാനം വിനിയോഗിക്കുന്നതിനും തിരിച്ചടയ്ക്കുന്നതിനുമുള്ള ഏർപ്പാടുകൾ ഇവയ്ക്കു മുൻകൂട്ടി ഗവണ്മെൻറിൻെറ അനുമതി ലഭിക്കുന്നതുവരെ നൽകുകയോ, അനുവദിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും അപ്രകാരമുള്ള ഏർപ്പാടുകളിൽ യാതൊരു വ്യത്യാസവും ഗവണ്മെൻറിൻെറ അത്തരം അനുമതി കൂടാതെ വരുത്താൻ പാടില്ലാത്തതുമാകുന്നു.

60. <u>മററു ബാദ്ധ്യതകൾക്കുള്ള ഒഴിവാക്കൽ:—</u>

ഇതിൽ വ്യക്തമായി മററുപ്രകാരം പറഞ്ഞിട്ടുള്ളതിനുപുറമേ, ഈ ചട്ടങ്ങളിലുള്ള യാതൊന്നുംതന്നെ കേരളസംസ്ഥാനത്ത് തൽക്കാലം ഊർജ്ജിതത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്താലോ, നിയമത്തിന് വിധേയമായോ നൽകപ്പെടുന്ന വായ്പ വാങ്ങലധികാരത്തെ സംബന്ധിച്ച് ബോർഡിന്മേൽ ചുമത്തപ്പെടാവുന്ന ഏതെങ്കിലും ബാദ്ധ്യതയിൽനിന്നും അതിനു വിമോചനം നൽകുന്നതല്ല.

ഭാഗം 5.

ബോർഡ് പ്രതിവർഷം അയയ്ക്കേണ്ട ധനസംബന്ധമായ സ്റ്റേററുമെൻറും മററു സ്റ്റേററുമെൻറുകളും റിപ്പോർട്ടും.

61. <u>ധനസംബന്ധമായ സ്റ്റേററുമെൻറിൻെറ ഫാറം:—</u>

ആക്ററിൻെറ 61-ാം വകുപ്പുപ്രകാരം ബോർഡ് പ്രതിവർഷം ഗവണ്മെൻറിലേയ്ക്കു സമർപ്പിക്കേണ്ട ധനസംബന്ധമായ സ്റ്റേററുമെൻറ് 'എ' എന്ന ഉപാംഗത്തിൽ പറയുന്ന ഫാറത്തിലായിരിക്കേണ്ടതാണ്.

62. <u>ധനസംബന്ധമായ സ്റ്റേററുമെൻറിൻെറ ഫാറം:—</u>

ഒരു സപ്ലിമെൻററി സ്റ്റേററുമെൻറ് (വല്ലതും ഉണ്ടെങ്കിൽ) 'എ' എന്ന ഉപാംഗത്തിൽ ഫാറത്തിൽ പറയുന്ന ഏതു വർഷത്തോട്ടു സപ്ലിമെൻററിസ്റ്റേററുമെൻറ് ബന്ധപ്പെട്ടിരിക്കുന്നുവോ ആ വർഷത്തിൽ ഗവണ്മെൻറിലേയ്ക്കു അയയ്ക്കേണ്ടതാണ്.

63. സ്റ്റേറ്റമെൻറ് കൗൺസിലിലേയ്ക്ക് സമർപ്പിക്കൽ:—

ബോർഡ് ഓരോ വർഷവും ജനുവരി 15-ാംനു-യ്ക്കുപ്പുറമാകാതെ ധനസംബന്ധമായ ഒരു വർഷത്തെ സ്റ്റേറ്റമെൻറ് ഓരോ കൊല്ലവും കൗൺസിലിന്ന് സമർപ്പിക്കേണ്ടതാണ്. സപ്ലിമെൻററി സ്റ്റേറ്റമെൻറുണ്ടെങ്കിൽ അതും ഗവണ്മെൻറിലേയ്ക്ക് അയയ്ക്കുന്നതിനുമുമ്പ് കൗൺസിലിന്ന സമർപ്പിക്കേണ്ടതാണ്.

64 കണക്കുകളുടെ പ്രതിവർഷ സ്റ്റേറ്റമെൻറ്:—

(1) 'സി' എന്ന ഉപാംശത്തിൽ നിർദ്ദേശിച്ചിരിക്കുന്ന ഫാറത്തിൽ ബോർഡിൻെറ കണക്കുകളുടെ വർഷംതോറുമുള്ള സ്റ്റേറ്റമെൻറ് ഗവണ്മെൻറിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

(2) കണക്കുകളുടെ സ്റ്റേറ്റമെൻറ് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അതിൻെറ അച്ചടിക്കോപ്പികൾ കോപ്പി ഒന്നിന് അഞ്ചു രൂപയിൽ കവിയാത്ത നിരക്കിൽ ബോർഡ് നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ വില്പനയ്ക്ക് വയ്ക്കേണ്ടതുമാകുന്നു.

65. വർഷാന്തറിപ്പോർട്ട് സമർപ്പിക്കൽ:—

(1) ബോർഡ് കഴിയുന്നതും ഓരോ വർഷത്തിലും മാർച്ച് 31-ാംനു-യ്ക്കു ശേഷവും, എന്നാൽ സെപ്റ്റംബർ 30-ാംനു-യ്ക്കുപ്പുറമാകാതെയും മാർച്ച് 31-ാംനു- കൊണ്ടവസാനിക്കുന്ന സാമ്പത്തികവർഷത്തിലെ ബോർഡിൻെറ പ്രവർത്തനത്തെ സംബന്ധിച്ച് വർഷാന്ത്യറിപ്പോർട്ട് ഗവണ്മെൻറിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപചട്ടത്തിൽ പറഞ്ഞ വർഷാന്ത്യറിപ്പോർട്ടിൽ പൊതുജനനന്മയ്ക്കുവേണ്ടിയുള്ള സംഗതികൾക്കു പുറമേ താഴെ പേരു പറയുന്നവയെപ്പററി പ്രതിപാദിക്കേണ്ടതാണ്. അതായത്:—

(a) ബോർഡിലെ അംഗങ്ങളുടേയും പ്രധാന ഉദ്യോഗസ്ഥന്മാരുടേയും പേരുകൾ,

ബോർഡിലെ വിവിധ വകുപ്പുകളുടെ രൂപവൽക്കരണം, ആ രൂപവൽക്കരണം കാണിക്കുന്ന ഒരു പടം;

(b) ബോർഡിൻെറ അധികാരാതിർത്തിയെ കാണിക്കുന്ന ഒരു പടം. അതിൽ അതിൻെറ സ്റ്റേഷനുകളുടെ സ്ഥാനവും, പ്രേക്ഷണ വിതരണ സമ്പ്രദായങ്ങളും, അതിൽ പ്രവർത്തനം നടത്തുന്ന വൻകിട വ്യവസായങ്ങളും കാണിച്ചിരിക്കണം;

(c) ബോർഡ് അടച്ചിട്ടതോ, നിയന്ത്രണം ഏറെറടുത്തതോ ആയ സ്റ്റേഷനെയോ, സ്റ്റേഷനുകളെയോ സംബന്ധിച്ച വിശദവിവരങ്ങൾ;

(d) 23-ാം വകുപ്പിലെയോ, 37-ാം വകുപ്പിലെയോ വ്യവസ്ഥകൾ പ്രകാരം ബോർഡ് ഏറെറടുത്ത ഏതെങ്കിലും പണികളെയോ, സ്റ്റേഷനുകളെയോ, പ്രധാന പ്രേക്ഷണ ലൈനുകളെയോ സംബന്ധിച്ച വിശദവിവരങ്ങൾ;

(e) വിദ്യുച്ഛക്തിയാൽ നടത്തപ്പെടുന്ന വിദ്യുച്ഛക്തി യന്ത്രങ്ങളുടെയോ, മററു യന്ത്രങ്ങളുടെയോ നിർമ്മാണം, വിദ്യുച്ഛക്തി യന്ത്രങ്ങൾ വാടകയ്ക്കും, 'ഹയർപർച്ചേസ്' പദ്ധതിയിലോ കൊടുക്കുക. പ്രദർശനമുറിയിൽവച്ച് പ്രദർശനം നടത്തുക, മുതലായ ബോർഡിന്റെ മററു പ്രവർത്തനങ്ങൾ;

(f) പുതിയ വല്ല വിദ്യുച്ഛക്തി സ്ഥാപനങ്ങളും ചെയ്യുകയോ നിർമ്മിക്കുകയോ ചെയ്യുന്നതിൽ നേടിയ പുരോഗതിയും പട്ടണപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമുള്ള ഏതെങ്കിലും പുതിയ പ്രേക്ഷണ വിതരണ സമ്പ്രദായങ്ങളും;

(g) <u>താരിപ്പുകൾ</u>.—

(1) പ്രസ്തുത വർഷത്തിൽ നിലവിലുണ്ടായിരുന്ന താരിപ്പു ബോർഡിനെ സംബന്ധിച്ച വിശദവിവരങ്ങൾ,

(2) 57-ാംവകുപ്പുപ്രകാരം ബോർഡ് ഏതു ലൈസൻസുകാർക്കുവേണ്ടി റേററിംഗ് കമ്മിററി സ്ഥാപിച്ചുവോ ആ ലൈസൻസുകാരുടെ പേരുകളും ആ റേററിംഗ് കമ്മിററികൾ ചെയ്ത ശുപാർശകളും അവയെ സംബന്ധിച്ച് ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകളും,

(3) തദ്ദേശ അധികാരസ്ഥാപനങ്ങളായ ലൈസൻസുകാർക്ക് 56-ാംവകുപ്പിലെ വ്യവസ്ഥകൾപ്രകാരം അവരുടെ പണികളുടെ കാര്യത്തിൽ നൽകപ്പെട്ട ഏതെങ്കിലും നിർദ്ദേശങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ.

(h) 6-ാംവകുപ്പിലെ വ്യവസ്ഥപ്രകാരം തൊട്ടടുത്ത ഒരു സംസ്ഥാനവുമായി ചെയ്ത സംസ്ഥാനങ്ങൾ തമ്മിലുള്ള ഏതെങ്കിലും കരാറിലെ വ്യവസ്ഥകൾ സംബന്ധിച്ച വിശദവിവരങ്ങൾ;

(i) സെൻട്രൽ ഇലക്ട്രിസിററി അതോറിട്ടിയുടെ അഭിപ്രായത്തിനയച്ച കാര്യങ്ങൾ;

(j) 'ബി' എന്ന ഉപാംഗത്തിൽ പറഞ്ഞ ഫാറങ്ങളിലെ സ്ഥിതിവിവരക്കണക്കു സംബന്ധിച്ച വിവരങ്ങൾ,

(k) 'സി' എന്ന ഉപാംഗത്തിൽ പറഞ്ഞ ഫാറത്തിൽ ഗവണ്മെൻറിന് സമർപ്പിച്ചപ്രകാരമുള്ള ബോർഡിന്റെ കണക്കുകളുടെ വർഷാന്ത്യ സ്റ്റേററമെൻറ്;

(l) ബോർഡിന്റെ ധനസംബന്ധമായ സാമാന്യസ്ഥിതി പ്രസ്തുത വർഷത്തിലുണ്ടായ ലാഭമോ നഷ്ടമോ, അടുത്ത വർഷത്തിലെ ധനസംബന്ധമായുള്ള പ്രതീക്ഷ;

(m) 16-ം, 17-ം വകുപ്പുകൾപ്രകാരം രൂപീകരിച്ച സ്റ്റേററ ഇലക്ട്രിസിററി കൺസൾട്ടേററീവ് കൗൺസിലിന്റെയും ലോക്കൽ അഡ്വൈസറി കമ്മിററിയുടേയും പ്രവർത്തനം സംബന്ധിച്ചുള്ള പരിശോധന,

(n) ബോർഡിലെ തസ്തികകൾക്കും, പണിക്കാർക്കും മററുമുള്ള വിദ്യാഭ്യാസം, പരിശീലന സൗകര്യങ്ങൾ, ക്ഷേമകാര്യപദ്ധതികൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ.

പലവക.

1. സ്റ്റേററ ഗവണ്മെൻറിൽനിന്ന് ബോർഡിലേയ്ക്ക് മാററപ്പെട്ട ആളുകളുടെ സേവനനിശ്ചയങ്ങളെ സംബന്ധിച്ച് സാമാന്യമായോ, അല്ലെങ്കിൽ പ്രത്യേക സംഗതികളിലോ 1957 ഏപ്രിൽ 3-ാം നു-യിലെ G. P. നമ്പർ 4670/57/P. W. എന്ന കല്പനമൂലം ഉറപ്പു നൽകപ്പെട്ട അവകാശങ്ങൾ നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുവാൻ ഗവണ്മെൻറിന് അധികാരമുണ്ടായിരിക്കേണ്ടതാണ്.

2. ബോർഡിന് ബോർഡ് പറയാവുന്ന തരങ്ങളിൽപ്പെട്ട ആളുകളെ ഉദ്യോഗത്തിൽ എടുക്കുന്നതിനുവേണ്ടി തങ്ങൾക്ക് യുക്തമെന്നു തോന്നുന്നവിധം ജില്ലാ നിലയിലോ, താലൂക്ക നിലയിലോ ഉദ്യോഗത്തിന് ആളെ എടുക്കുന്നതിനുള്ള കമ്മിററികൾ കഴിയുന്നത്ര വേഗത്തിൽ രൂപീകരിക്കാവുന്നതാണ്.

3. സംസ്ഥാനത്തിനപ്പുറമേ വിദ്യുച്ഛക്തി വില്ക്കുന്നത് ഗവണ്മെൻറിൻെറ മുൻകൂട്ടിയുള്ള സമ്മതത്തോടുകൂടി വരേണ്ടതാണ്.

4. ബോർഡിൻെറ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം പൊതുനന്മയ്ക്കായിട്ടുള്ള ഏതെങ്കിലും സംഗതിയിൽ ഗവണ്മെൻറ് പുറപ്പെടുവിക്കുന്ന ഏതു നിർദ്ദേശങ്ങളും ബോർഡ് ന്യായമായി പരിഗണിക്കേണ്ടതാണ്.

By order of the Governor,
K. KESAVAN,
Deputy Secretary.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT CENTRAL PRESS, TRIVANDRUM, 1957.